**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. ഷോർട്ട് ഹാന്റ് പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ്) ഇംഗ്ലീഷ് ഷോർട്ട് ഹാൻഡ് ലോവർ 80 wpm., ഹയർ 120 wpm., ഹൈസ്പീഡ് 150 wpm. എന്നിവയ്ക്ക് തത്തുല്യമായി തമിഴ്നാട് സർക്കാർ ടെക്നിക്കൽ എക്സാമിനേഷൻ (റ്റി.ജി.റ്റി.ഇ.) നടത്തുന്ന ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80 wpm, ഇന്റർമിഡിയറ്റ് 100 wpm., സീനിയർ 120 wpm.,ഹൈസ്പീഡ് 150 wpm. എന്നീ പരീക്ഷകളിൽ ഏതെല്ലാമാണ് സംസ്ഥാന സർക്കാർ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | പ്രസ്തുത ഉത്തരവ് നിലവിലില്ല. |
| (ബി) | തമിഴ്നാട് സർക്കാർ ടെക്നിക്കൽ എക്സാമിനേഷൻ (റ്റി.ജി.റ്റി.ഇ) നടത്തുന്ന ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80wpm. പാസ്സായ ഒരാൾക്ക് കെ.ജി.റ്റി.ഇ. (കോമേഴ്സ്) ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ഹയർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് പരീക്ഷയ്ക്ക് ഹാജരാകുന്നതിന് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | തമിഴ്നാട് ഗവ.ടെക്നിക്കൽ എക്സാമിനേഷൻ (റ്റി.ജി.റ്റി.ഇ) നടത്തുന്ന ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80 wpm. കോഴ്സ് എന്നത് കെ.ജി.ടി.ഇ. (കൊമേഴ്സ്) ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ലോവർ കോഴ്സിന് തുല്യമാണോ എന്ന് പരിശോധിക്കുന്നതിന് അപേക്ഷകൻ എസ്.സി.ഇ.ആർ.റ്റി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും അപ്രകാരം തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാകുകയാണെങ്കിൽ കെ.ജി.ടി.ഇ (കൊമേഴ്സ്) ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ഹയർ പരീക്ഷയ്ക്ക് പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം എസ്.സി.ഇ.ആർ.റ്റി നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കി കെ.ജി.ടി.ഇ (കൊമേഴ്സ്) ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ഹയർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് അറ്റൻഡ് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ